



കൊല്ലം വിദ്യാഭ്യാസജില്ല
ചാത്തന്നൂർ സബ്ജില്ല

# അക്കാദമിക് മാസ്റ്റർ പ്ലാൻ

2025 - 2026

PDF Scanner ACE Scanner

# സ്കൂൾ വിവരങ്ങൾ

1. ജില്ല : കൊല്ലം
2. റവന്യൂജില്ല : കൊല്ലം
3. സ്കൂൾ കോഡ് : 41554
4. സ്കൂളിന്റെ പേര് : എസ്. വൈ. എസ്. യു. പി. എസ്, പോളച്ചിറ (സച്ചിദാനന്ദ യോഗ സംസ്കൃത അപ്പർ പ്രൈമറി സ്കൂൾ, പോളച്ചിറ)
5. വിലാസം : പോളച്ചിറ പി.ഒ നെടുങ്ങോലം (via) ചാത്തന്നൂർ, കൊല്ലം
6. പിൻകോഡ് : 691334
7. ഫോൺനമ്പർ (മൊബൈൽ) : 9446435887
8. ഇ-മെയിൽ അഡ്രസ്സ് : klm41554@gmail.com
9. ഗ്രാമപഞ്ചായത്ത് : ചിറക്കര ഗ്രാമപഞ്ചായത്ത്
10. വിദ്യാഭ്യാസജില്ല : കൊല്ലം
11. വിദ്യാഭ്യാസ ഉപജില്ല : ചാത്തന്നൂർ
12. ക്ലാസുകൾ : 5 മുതൽ 7 വരെ
13. മാനേജ്മെന്റ് : എയ്ഡഡ്
14. പഠനമാധ്യമം : മലയാളം

PDF Scanner ACE Scanner

# ആമുഖം

കൊല്ലം ജില്ലയുടെ തെക്ക് ഭാഗത്തായി ഇത്തിക്കര ബ്ലോക്കിൽ 2005-ൽ രൂപീകൃതമായ ചിറക്കര ഗ്രാമ-പഞ്ചായത്തിന്റെ കീഴിലാണ് പഞ്ചായത്തിലെ ഒരേയൊരു യു.പി.സ്കൂൾ ആയ എസ്.വൈ.എസ്.യു.പി. സ്കൂൾ, പോളച്ചിറ വരുന്നത്. ഇത് ചാത്തന്നൂർ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ പരിധിയിൽ വരുന്ന ഏക സംസ്കൃത യു.പി. സ്കൂൾ ആണ്.

1982-ൽ ശ്രീ. കോയിവിള പ്രഭാകരൻ ആണ് ഈ സ്കൂൾ സ്ഥാപിച്ചത്. സാമ്പത്തികമായും സാംസ്കാരികമായും വളരെ പിന്നോക്കം നിന്നിരുന്ന പോളച്ചിറയിൽ കുട്ടികൾ വളരെ ദൂരെ സ്ഥലങ്ങളിൽ പോയി കുട്ടികൾ വിദ്യാഭ്യാസം ചെയ്യണമായിരുന്നു. ഈ അവസ്ഥ മാറ്റാനായാണ് പോളച്ചിറയിൽ ശ്രീ പ്രഭാകരൻ ഈ സ്കൂൾ സ്ഥാപിക്കുന്നത്.

ഒന്നരയേക്കറിൽ കൂടുതൽ വസ്തുവുള്ള ഈ സ്കൂളിൽ V, VI, VII ക്ലാസുകൾ ഉണ്ട്. 2018 മുതൽ ഒരു ഡിവിഷനുള്ള സ്കൂൾ ആയതിന്റെ കാരണം സമീപത്തായി നിരവധി അൺഎയ്ഡഡ് സ്കൂളുകൾ വന്നതുകൊണ്ടും ദൂരെയുള്ള സ്കൂളുകളുടെ വാഹനങ്ങൾ സ്കൂളിന്റെ സമീപത്തുള്ള കുട്ടികളെ കൊണ്ടുപോകുന്നതിനാലും (1 മുതൽ 7 വരെയുള്ള സ്കൂളുകളുടെ വാഹനങ്ങൾ) ആണ്. V, VI, VII ക്ലാസുകളിലായി 67 കുട്ടികൾ പഠിക്കുന്നു. ഒട്ടനവധി മേഖലകളിൽ പ്രവർത്തിക്കുന്ന പൂർവ്വ-വിദ്യാർത്ഥികൾ ഈ സ്കൂളിനുണ്ട്.

ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് അക്കാദമികരംഗത്തും കലാരംഗത്തും കായികരംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കാൻ സ്കൂളിന് കഴിയുന്നു.

യോഗാ പരിശീലനത്തിലൂടെ കുട്ടികളുടെ ഏകാഗ്രത വർദ്ധിപ്പിക്കാനാകുന്നു. അക്കാദമികരംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകളുണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു.

ഹരിതാഭയാർന്ന, ജൈവസമ്പന്നതയാർന്ന സ്കൂൾ ക്യാമ്പസ്, ശിശുസൗഹൃദപരമായ പഠനാന്തരീക്ഷം എന്നിവ സ്കൂളിന്റെ മുഖമുദ്രയാണ്. സ്കൂൾ തന്നെ പാഠപുസ്തകം എന്ന വിശാലമായ ആശയം ഇവിടെ സാർത്ഥകമാകുന്നു.

അക്കാദമിക നിലവാരം നിലനിർത്തിക്കൊണ്ട് മുന്നേറാനും കൂടുതൽ ഗുണപരമായ പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഇതിലെ ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## അക്കാദമികം നേട്ടങ്ങൾ

കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ആവശ്യമായ പ്രത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിച്ച് വിജയത്തിളക്കത്തിലേയ്ക്ക് നയിക്കുന്നു. പ്രവർത്തനങ്ങളിലൂടെ പഠിക്കാനുതകുന്ന രീതിയിൽ ആസൂത്രണം നടത്തുന്നു. കാർഷിക ക്ലബ്ബ്, യോഗാക്ലബ്ബ് തുടങ്ങിയവയിലൂടെ കുട്ടികളിൽ മാനസികവും ശാരീരികവുമായ ശക്തി രൂപപ്പെടുത്തുന്നു.

## അക്കാദമികം പരിമിതികൾ

എല്ലാ ക്ലാസ്മുറികളും ഹൈടെക് നിലവാരത്തിലേയ്ക്ക് എത്തുമെങ്കിലും ലാബ് വിപുലപ്പെടുത്താനുണ്ട്. സയൻസ് ലാബ്, ഗണിതം ലാബ് എന്നിവ പ്രത്യേകം പ്രത്യേകമായുണ്ടാകണം. ടടൻ ലാബ് ഉണ്ട്. എന്നിരുന്നാലും ഇനിയും വിപുലപ്പെടുത്തേണ്ടതുണ്ട്. ഇത് ഒരു പരിമിതിയായി കരുതുന്നു. പ്രവർത്തിച്ച് പഠിക്കുക, അന്വേഷണാത്മകമായും നിരീക്ഷിച്ചും പഠിക്കുക എന്നതും പൂർണമായ അർത്ഥത്തിൽ സാർത്ഥകമാക്കാൻ പ്രത്യേകം പ്രത്യേകം ലാബ് സൗകര്യം ഉണ്ടാവേണ്ടതുണ്ട്, വിപുലപ്പെടുത്തേണ്ടതുണ്ട്.

## ഭൗതികം

### നേട്ടങ്ങൾ

മൂന്ന് ക്ലാസ് മുറികളും ടൈൽ പാകി മോടിപിടിപ്പിച്ചു. ലാപ്ടോപ്പ്, പ്രൊജക്ടർ സംവിധാനം ഉണ്ട്.

ക്ലാസ് ലൈബ്രറികൾ എല്ലാ ക്ലാസ് മുറികളിലും ഉണ്ട്.

5 ക്ലാസ് മുറികൾ ചേർന്ന ഒരു ഹാൾ ഉണ്ട്.

കുട്ടികൾക്കു പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനാവശ്യമായ ശൗചാലയങ്ങൾ ധാരാളമായുണ്ട്.

## ഭൗതികം

### പരിമിതികൾ

ക്ലാസ് ലൈബ്രറികൾ പുസ്തകങ്ങൾ കൂടുതലായി നിറയ്ക്കണം.

കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിലവിൽ ഹാളാണുപയോഗിക്കുന്നത്. ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു ഭോജനശാല നിർമിക്കണം.

പൂന്തോട്ടവും ജൈവവൈവിധ്യം നിറഞ്ഞ പരിസരവും മെച്ചപ്പെടുത്തേണ്ടതുണ്ട്.

അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ : →

വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിതശേഷി വികസനം
3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
4. വായനാശേഷി വർദ്ധിപ്പിക്കൽ
5. ലാബ് നവീകരണം - ശാസ്ത്രം, ഗണിതം, SS
6. ലൈബ്രറി ശാക്തീകരണം
7. സ്കൂൾപരിസരം ജൈവവൈവിധ്യത്താൽ സമ്പന്നമാക്കൽ
8. USS പരീക്ഷാ പരിശീലനം
9. സ്കൂൾ പത്രം
10. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
11. പ്രവൃത്തി പരിചയ പരിശീലനം
12. കലാപരിപോഷണം.
13. പച്ചക്കറിത്തോട്ടം
14. ഭാഷാ ലാബ്
15. പ്രധാന ദിനാചരണങ്ങൾ- ശക്തിപ്പെടുത്തൽ
16. വിലയിരുത്തൽ കാര്യക്ഷമമാക്കൽ
17. ശാസ്ത്ര, ഗണിതശാസ്ത്ര, SS, IT, പ്രവൃത്തി പരിചയ മേളകൾ
18. ക്ലാസ് പി.ടി.എ കാര്യക്ഷമമാക്കൽ

PDF Scanner ACE Scanner

# മലയാളം
## അക്കാദമിക് മാസ്റ്റർ പ്ലാൻ - ക്ലാസ് 5,6,7 (അക്ഷരജ്യോതി)

2025-26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയസംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക (എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം, ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ) | പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) അവതരിപ്പിക്കുന്നു.<br>[അക്ഷരം ഉറപ്പിക്കൽ, ചിഹ്നം ഉറപ്പിക്കൽ, പദനിർമ്മാണം, വാക്യനിർമ്മാണം, ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് (പ്രത്യേകം ക്ലാസ്)]<br>• അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു [ഭാഷാകേളി]<br>• അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. [വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക്] | June<br>June to February | മലയാളം ടീ., SRG, HM | |
| 2. പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. [എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക] | പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | • ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ | 1 വർഷം | | |
| | • ക്ലാസ് ലൈബ്രറി നവീകരിക്കൽ | | മലയാളം അധ്യാപകർ | |
| | • പുതുവർഷം പുസ്തകവർഷം | | | |
| | • ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ | ആവശ്യാനുസരിച്ച് | | |
| | • സ്കൂൾ ലൈബ്രറി നവീകരണം. | 6 മാസങ്ങൾ 1 വർഷം വരെ | | |
| | • വായനോത്സവം | | | |
| | • പത്രവായന → നവമാധ്യമസഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തെരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നല്കുന്നു. | | വിദ്യാരംഗം കൺവീനർ | |
| | ക്വിസ് മത്സരം (പത്രവായന) | വർഷത്തിൽ 3 പ്രാവശ്യം | മലയാളം ക്ലബ്ബ് | |
| | പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ | | | |
| | പ്രധാനവാർത്തകളുടെ അവതരണം | assembly കളിൽ ക്ലാസിൽ ഇടവിട്ട ദിവസവും. | മലയാളം Trs. | |
| | പത്രക്വിസ് | ആഴ്ചയിൽ 1 ദിവസം | | |
| 3. സർഗ്ഗശേഷി വികസനം | വായനാനുഭവം പങ്കുവയ്ക്കൽ<br>~~[illegible]~~ സാഹിത്യക്വിസ് | | | |

| | | | | |
|---|---|---|---|---|
| | രചനാശില്പശാല (കഥ, കവിത) | വർഷത്തിൽ 1 തവണ | SRG | |
| | മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | വിദ്യാരംഗം |
| | പുസ്തകചർച്ച, പുസ്തകാസ്വാദനം | മാസത്തിൽ 1 തവണ | വിദ്യാരംഗം | വിദ്യാരംഗം |
| | അമ്മമാർക്കൊരു പുസ്തകം (കുട്ടികൾ വശം വീടുകളിലേയ്ക്ക്) | മാസത്തിൽ ഒരിക്കൽ | വിദ്യാരംഗം | വിദ്യ |
| 4) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടവയുടെ രംഗാവിഷ്കാരം. (SV-Time-ൽ) | അക്കാദമികവർഷം | " | |
| 5. അവതരണമികവ് | വായിച്ച പുസ്തകങ്ങളിൽ ഏതെങ്കിലുമൊന്നിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു. (ബെല്ലിംഗ് റൈറ്റേഴ്സ്-ബുക്ക്സ് ക്ലാസ് ലൈബ്രറി, വായനക്കൂട്ടം) | | | |
| 6. കുട്ടികളുടെ ആകാശവാണി. "നാദവാണി" പോളച്ചിറ FM | വിശേഷദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. | | | |

# ഹിന്ദി

## അക്കാദമിക് മാസ്റ്റർ പ്ലാൻ - ക്ലാസ് 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക സാമഗ്രികൾ | പിന്തുണ |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ അനായാസമായി വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.<br>. എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കൽ<br>ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റുന്നുള്ള പ്രവർത്തനങ്ങൾ. | ഭാഷാജ്ഞാനം<br>· അക്ഷരം എഴുത്ത്<br>· ചിഹ്നം ഉറപ്പിക്കൽ.<br>· അക്ഷര കാർഡ്<br>· വാക്കുകൾ എഴുതിയ കാർഡ്.<br>· ക്ലാസിൽ അക്ഷരമാല പ്രദർശനം<br>· അക്ഷര മാല കളികൾ<br>· അക്ഷര മരം നിർമ്മിക്കൽ. | അക്കാദമിക വർഷം<br>ജൂൺ – സെപ്റ്റംബർ | അക്ഷര ചാർട്ട്<br>ICT<br>ചാർട്ട് | TM |

| | | | | |
|---|---|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറി-യാൻ പരിശീലനം. ഉച്ചാരണം പരിചയപ്പെടുത്തുന്നു. | ICT സാധ്യത ഉപയോഗിച്ച്, വീഡിയോ കാണിക്കുന്നു. പദങ്ങൾ നിർമ്മാണം. ചെറിയ വാക്യങ്ങൾ നിർമ്മാണം . പാട്ടുകളും കഥകളും കേൾപ്പിക്കുന്നു. | അക്കാദമിക വർഷം | ICT ക്ലാസ്സ് | T4 |
| അക്ഷരങ്ങൾ ചേർന്നുവാനും വായിക്കാനും കഴിയുന്നതിനും പരിശീ-ലിക്കുന്നു. | . അക്ഷരങ്ങളും പദങ്ങളും വരുന്ന വരികൾ ആവർത്തിച്ച് ഉച്ചരിച്ച് അക്ഷര വായന-പഠിപ്പിക്കുന്നു. | | | |
| . ആഴ്ചകളുടെ, മാസങ്ങളുടെ പേരുകൾ മനസ്സിലാക്കുന്നു. | . ഓഡിയോ, വീഡിയോ സഹായ-ത്തോടെ ഉച്ചാരണം കൂടുതൽ പരിചയപ്പെടുത്തുന്നു. | അക്കാദമിക വർഷം | ICT ക്ലാസ്സ് | |
| . പഠിച്ചത് അനായാസം എഴുതുവാനും | . ഓരോ കുട്ടിയുടെയും പേര്, ക്ലാസ്, സ്കൂൾ, വയസ്സ് | സെപ്തംബർ - നവംബർ | | |

| | | | | |
|---|---|---|---|---|
| വായിക്കാനും പരിശീലിപ്പിച്ച് വായനക്ക് അധിക പ്രാധാന്യം നൽകുന്നു. | ജ്ഞാനത്തിലൂടെ ഹിന്ദിയിൽ ഉറപ്പുവരുത്താൻ ഉപാധികൾ. | | ക്ലാസ്സ് റൂം ലൈബ്രറി | TY |
| | · വർക്ക്ഷീറ്റുകൾ നൽകുന്നു. | | | |
| · പരിസരത്തിൽ പദസമ്പത്ത് വളർത്താൻ ഉപാധികളും | · ഹിന്ദി കഥകൾ നൽകുന്നു. | | | |
| · കാർഡുകൾ, ചിത്രകഥ എന്നിവ വായിച്ച് ആശയം മനസ്സിലാക്കാൻ അവസരം ഒരുക്കുന്നു. | · കേട്ടെഴുത്ത്, പദസൂര്യൻ എന്നിങ്ങനെ ഉള്ളവ നൽകുന്നു. | അധ്യാപകർ, വിദ്യാർത്ഥികൾ | | |
| · ഹിന്ദി അസംബ്ലി | ആഴ്ചയിലൊരിക്കൽ ഹിന്ദി അസംബ്ലി നടത്തും. ഓരോ അസംബ്ലിയിലും അസംബ്ലി നടത്തേണ്ട ചുമതല നിശ്ചിത ക്ലാസുകൾക്കായിരിക്കും. · പ്രാർത്ഥന, പ്രതിജ്ഞ, വാർത്ത, തുടങ്ങിയവ ഹിന്ദി ഭാഷയിലായിരിക്കും | അക്കാദമിക വർഷം | | |

| | | | | |
|---|---|---|---|---|
| വായനാ ലോകം | ലളിതമായ പുസ്തക ശേഖരത്തിലൂടെ കുട്ടികളെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരുന്നു. ഹിന്ദി ലൈബ്രറി സജ്ജീകരിക്കുന്നു.<br><br>ഓരോ ഹിന്ദി പിരിയഡിലും ആദ്യത്തെ 5 മിനിട്ട് ഒരു കുട്ടി പാഠ പുസ്തകം വായിക്കുന്നു.<br><br>• ഏറ്റവും കൂടുതൽ പുസ്തകങ്ങൾ ചോദ്യങ്ങൾ, വായിച്ച കുട്ടിയെ അനുമോദിക്കുന്നു. | ജനുവരി | ഹിന്ദി കഥാ പുസ്തകം ക്ലാസ്സ് റൂം | Tr |
| ഹിന്ദി മത്സരങ്ങൾ | ഹിന്ദിയിൽ എഴുതാനും, പാടാനും, പറയാനും, മികവു പുലർത്തുന്ന കുട്ടികളെ | ഫെബ്രുവരി | | |

| | | | | |
|---|---|---|---|---|
| | പ്രോത്സാഹിപ്പിക്കുന്നതിനായി മത്സരങ്ങൾ നടത്തി | | | Ty |
| ദിനാചരണങ്ങൾ | ഹിന്ദി ദിനം, ചരിസ്ത്രിതിദിനം ശിശുദിനം, സ്വാതന്ത്ര്യ ദിനം എന്നിങ്ങനെ പ്രാധാന്യമുള്ള ദിവസങ്ങളിൽ പോസ്റ്റർ, കോറിഗ്രാഫി, ക്വിസ് മത്സരങ്ങൾ എന്നിവ നടത്തുന്നു. | അക്കാദമിക വർഷം | ICT | |
| ഹിന്ദി ക്ലബ്ബ് | ഹിന്ദി ഭാഷാ പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് വിദ്യാർത്ഥികളുടെ കൂട്ടായ്മയായി ഹിന്ദി ക്ലബ്ബ് രൂപീകരിക്കും. | അക്കാദമിക വർഷം | | |

| | | | | |
|---|---|---|---|---|
| | ക്ലാസ്സ് തലത്തിലും, വിദ്യാലയത്തിലും ഇലക്ഷനിലൂടെ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ കമ്മിറ്റി അംഗങ്ങൾ എന്നിവരെ തെരഞ്ഞെടുക്കും. | അക്കാദമിക വർഷം | | T4 |
| ഹിന്ദി മഞ്ച് | ഹിന്ദി ദിനാചരണത്തോട നുബന്ധിച്ച് ഹിന്ദി മഞ്ച് ആഘോഷമായി നടത്തും. | | | |

2025-26

# സോഷ്യൽ സയൻസ്

## അക്കാദമിക് മാസ്റ്റർ പ്ലാൻ - ക്ലാസ്, 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. വിവിധശേഷികളുടെ വികാസം | • ജൂൺ മുതൽ മാർച്ച് വരെ പ്രധാനദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ. | ജൂൺ - മാർച്ച് | SRG | |
| 2. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ | • സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിന് അനുയോജ്യമായ പ്രവർത്തനങ്ങൾ ഓരോ പഠിതാവിനും നല്കുന്നു.<br>• അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയവ അടിസ്ഥാനമാക്കി memory test നടത്തുന്നു. (പാഠഭാഗങ്ങൾ വരുന്നതിനനുസരിച്ച്) | ജൂൺ | | |

| | | | | |
|---|---|---|---|---|
| 3. പഠനയാത്രകളിലൂടെയും മറ്റും (സാധിക്കുമെങ്കിൽ മാത്രം) ചരിത്രസ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ, ക്ഷേത്രകലകൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കി പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ, തുടങ്ങിയ ഇടങ്ങളിലേയ്ക്ക് നടത്തുന്ന പഠനയാത്രകൾ, ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലൂടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. Art Galary നിർമ്മാണം. | വർഷത്തിൽ 1 തവണ | SS Trs | PTA |
| 4. ജനാധിപത്യമൂല്യങ്ങൾ വളർത്തിയെടുത്ത് ജനാധിപത്യപരമായ ജീവിതശൈലി രൂപപ്പെടുത്തുക. | നാമനിർദ്ദേശപത്രിക, പ്രചാരണം, മീറ്റ് ദ കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരണം. | | | |

| | | | | |
|---|---|---|---|---|
| | തുടർന്ന് മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ. ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | വർഷത്തിൽ 2 തവണ | SS Trs, സ്കൂൾ പാർലമെന്റ് ഭാരവാഹികൾ. | |
| 5. സാമൂഹ്യശാസ്ത്രപഠനം കാര്യക്ഷമമാക്കൽ | അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, തുടങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം. | വർഷത്തിൽ 1 തവണ. ആഴ്ചയിൽ 1 തവണ. | SS Trs | |
| 6. കൃഷിയെക്കുറിച്ച് കുട്ടികളിൽ അവബോധം വളർത്തി കൃഷിയിൽ താല്പര്യമുണ്ടാക്കുക | പാഠഭാഗവുമായി ബന്ധപ്പെടുത്തി (std V unit 1, 2, std VI unit 2 | ജൂൺ മുതൽ മാർച്ച് വരെ | | |

| | | | | |
|---|---|---|---|---|
| | സ്കൂളിന്റെ പുനർജ്ജനി പച്ചക്കറിത്തോട്ടം വിപുലീകരിക്കുക.<br>അഭിമുഖം, ചോദ്യാവലി തയ്യാറാക്കൽ | | | |
| 7. സാമൂഹ്യശാസ്ത്ര നൂതന അറിവുകൾ കണ്ടെത്തലുകൾ പ്രദർശനം. | • എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ SS കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് കൊടുക്കൽ | വിവരങ്ങൾ കിട്ടുന്നതിനനുസരിച്ച്<br>June to March | SS club | |
| 8. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ് വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയിലൂടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും ICT യുടെ സഹായത്തോടെ അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ | | | |

| | | | | |
|---|---|---|---|---|
| | demonstration ക്ലാസുകൾ കാണുകയും കൈത്താപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം. | | |
| 9. സഹജീവികളോട് സഹാനുഭാവം വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | • പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. (സാമ്പത്തിക ചെലവും ഏറ്റെടുക്കാവുന്നതാണെങ്കിൽ മാത്രം സന്ദർശനം) വിദ്യാലയത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസ ഉറപ്പാക്കുന്നു. | | രക്ഷിതാക്കൾ വിദ്യാർത്ഥികൾ | വിദ്യാർത്ഥികൾ രക്ഷിതാക്കൾ |

| | | | | |
|---|---|---|---|---|
| 10. വിവര വിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും, ഇതിനെതിരെ പ്രവർത്തനങ്ങളെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | SS club-ന്റെ നേതൃത്വത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും പോലീസിന്റെയും, എക്സൈസിന്റെയും, സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം, ലഹരി ഉപയോഗം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | | SS club |
| 11. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | • പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായ കാവുകൾ, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ജലാശയങ്ങൾ, കാടുകൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി | | | |

| | | | | |
|---|---|---|---|---|
| | റിപ്പോർട്ട് തയ്യാറാക്കുന്നു. (വെയിൽ പോകാൻ സാധിക്കുന്ന സ്ഥലങ്ങൾ സന്ദർശനം) | അക്കാദമിക വർഷം | | SS club PTA |
| 12. സാമൂഹ്യശാസ്ത്രവിഷയത്തിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നു. | • വൈജ്ഞാനിക പതിപ്പുകൾ ഉയർത്താൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ടിക്കുന്നു, മത്സരബുദ്ധിയോടെ വൈജ്ഞാനിക വിജ്ഞാനം വളർത്താൻ സഹായിക്കുന്ന, ഉത്തരങ്ങൾ നിമിഷനേരം കൊണ്ട് കണ്ടെത്താൻ ഉതകുന്ന ചോദ്യോത്തരവേളകൾ, ക്വിസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | SS ടീച്ചർ SS Trs | |
| 13. ആനുകാലികവിഷയങ്ങളെക്കുറിച്ച് സംവാദം, പ്രത്യേകവിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ. | • സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ. | മാസത്തിൽ 1 വീതം. | SRG, SS club | PTA |

# ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| 1 കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | 1. ശാസ്ത്രജ്ഞർ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ നിർമ്മാണ പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | |
| | 2) സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | |
| | 3 ഗവേഷണാത്മക പ്രോജക്റ്റ് ഒരുക്കങ്ങളുടെ പഠനം | ആവശ്യമുള്ള സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | |

| | | | |
|---|---|---|---|
| | സജ്ജീകരിക്കൽ | 1 വർഷം | സയൻസ് ടീച്ചേഴ്സ് |
| 2 പഠന പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | തിരിച്ചറിഞ്ഞ കുട്ടി Peer group രൂപീകരണം 2 സമയത്തിൽ പരിശീലനം | ആഴ്ചയിൽ 2 ദിവസം | SRG സയൻസ് ടീച്ചർ |
| 3 ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ കവിതകൾ, തുടങ്ങിയവ ഉൾക്കൊള്ളിച്ച് ശാസ്ത്രമാസിക | | |

| | | | | |
|---|---|---|---|---|
| 2 ശാസ്ത്ര മേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തുന്നു | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 1 വർഷത്തിൽ 3 മാസം | സയൻസ് ക്ലബ്ബ് | |
| 3. ശാസ്ത്ര ക്ലബ് സജീവമാക്കൽ<br>ശാസ്ത്രമൂല സജീവമാക്കൽ | ഓരോ ക്ലാസിലും പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും ചേർത്ത് ശാസ്ത്രമൂല | | | |

# English

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം | (1) ഇംഗ്ലീഷിൽ നന്നായി ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ | എല്ലാ ക്ലാസ്സും | ബന്ധപ്പെട്ട ടീച്ചർ | |
| | (2) ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ - ഇംഗ്ലീഷിൽ സ്കിറ്റ്, സെമിനാർ, പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക് | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി, | |
| | 3. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി, മാറി മാറി ഓരോ | | | |

ക്ലാസിനും ചുമതല

| | പ്രവർത്തനം 2 | ഇംഗ്ലീഷ് തീയേറ്റർ | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മക ശേഷി വികസനം | 1) ഇംഗ്ലീഷ് കഥ, കവിത - രചനാ ക്യാമ്പ് ഉൽപന്നങ്ങൾ പ്രസിദ്ധീകരിക്കൽ | 3 മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ടീച്ചർ |
| | 2) പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ | മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ടീച്ചർ ക്ലബ്ബ് സെക്രട്ടറി |

| | | | | |
|---|---|---|---|---|
| | 3) ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്<br>4 ഇംഗ്ലീഷ് സിനിമ പ്രദർശനം | ആഴ്ചയിൽ ഒരു ദിവസം ~~ദിവസം~~<br>2 മാസത്തിൽ | ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി | |
| വ്യാകരണ ശരിയിലോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | സ്കൂൾ സീനിയർ സമയം കണ്ടെത്തി വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ് | ഇംഗ്ലീഷ് ടീച്ചർ ആഴ്ചയിൽ 2 ദിവസം | ഇംഗ്ലീഷ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| കുട്ടികളുടെ രചനകൾ സമാഹരിക്കൽ | കുട്ടികളുടെ രചനകൾ മാഗസിനിൽ ചേർന്ന് വിക്കിപീഡിയയിൽ ചേർക്കൽ | ഓരോ ടേമിലും | ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| 1. ഗണിത ലാബ് പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1. ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക. | ജൂൺ - ജൂലായ് | പി. ടി. എ ഗണിത ടീച്ചർ | |
| 2. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1. വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു | ജൂൺ 1 മാസം | ഗണിത ടീച്ചർ | |

PDF Scanner ACE Scanner

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| 1. ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1. ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക. | ജൂൺ - ജൂലായ് | പി. ടി. എ ഗണിത ടീച്ചർ | |
| 2. ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 1. വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു | ജൂൺ 1 മാസം | ഗണിത ടീച്ചർ | |

PDF Scanner ACE Scanner

| | | | | |
|---|---|---|---|---|
| | | | | |
| 4. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ. ടി. സാധ്യതകളിലൂടെ ജ്യാമിതീയ രൂപങ്ങൾ, ചാർട്ട്ക്രിയകൾ, ശാസ്ത്രജ്ഞ ചോദ്യങ്ങളുടെ പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ അദ്ധ്യാപകന് കഴിയുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ശാസ്ത്ര അദ്ധ്യാപകൻ | |

2025 - 26

## സംസ്കൃതം

## അക്കാദമിക്ക് മാസ്റ്റർപ്ലാൻ

### ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br><br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ . | 1.ഭാഷ ജ്ഞാനം<br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br><br>ICT | PTA<br><br>റിസോഴ്സ് അധ്യാപിക |
| | 2. പറയാം പഠിക്കാം.<br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

ACE Scanner

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. വീട് ഒരു പരീക്ഷണശാല.<br>[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ] | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. വായനാലോകം .<br>[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ] | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

ACE Scanner

| | | | | |
|---|---|---|---|---|
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ . | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച്. | ചാർട്ട്<br>ചിത്രം | റിസോൾസ് അദ്ധ്യാപിക |
| 5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ. | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക. |
| 6. <u>ആസ്വാദന ലോകം .</u><br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി . | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ . | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച് | ചാർട്ട്<br>ചിത്രം | റിസോൾസ് അദ്ധ്യാപിക |
| 5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ. | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക. |
| 6. <u>ആസ്വാദന ലോകം .</u><br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി . | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

PDF Scanner ACE Scanner

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു.<br><br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| 7.പ്രത്യേകം പരിഗണന അർഹിക്കുന്നവർ ക്കായുള്ള പ്രവർത്തനങ്ങൾ . | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| 8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് . | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

PDF Scanner ACE Scanner